# മെജുഗോറി

ബോസ്നിയാ ഹേഴ്സ് ഗോവിനായിലെ മെജുഗോറി എന്ന ചെറിയ ഗ്രാമത്തിൽ 1981 മുതൽ പരിശുദ്ധ അമ്മ പലതവണ പ്രത്യക്ഷപ്പെട്ട് ലോകത്തിന് സന്ദേശങ്ങൾ നൽകിയിട്ടുണ്ട്. പരിശുദ്ധ അമ്മ നമ്മോടൊപ്പമായിരിക്കുന്ന ഈ കാലയളവ് ദൈവം ദാനമായി നമുക്ക് നൽകിയിരിക്കുന്ന കൃപയുടെ സമയമാണ്. അമ്മയുടെ സ്വന്തം വാക്കുകൾ ഇങ്ങനെയാണ്

"ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ച് ലോകത്തോട് പറയാൻ ഞാൻ വന്നിരിക്കുന്നു. ദൈവം ജീവിതത്തിന്റെ പൂർണ്ണതയാണ്, ഈ പൂർണ്ണതയും, സമാധാനവും ആസ്വദിക്കാൻ നിങ്ങൾ ദൈവത്തിലേക്ക് തിരിയണം".

നമ്മുടെ പരിശുദ്ധ അമ്മയുടെ ദൗത്യം സമാധാനത്തിന്റെയും, സ്നേഹത്തിന്റെയുമാണ്, നമ്മെ മാനസാന്തരത്തിലേക്ക് നയിക്കാനാണ് അവൾ വന്നിരിക്കുന്നത്. തന്റെ മകനായ യേശുവിലേക്ക് നമ്മെ നയിക്കാൻ അവൾ വരുമ്പോൾ എത്ര നല്ല ഒരു അവസരമാണ് നമുക്ക് കിട്ടിയിരിക്കുന്നത്. മാനസാന്തരത്തിലേക്കുള്ള അമ്മയുടെ വിളി അത്രയും തിടുക്കത്തിലുള്ളതു കൊണ്ട് അമ്മയുടെ വരവിന് നാം പ്രത്യുത്തരം നൽകണം

മെജുഗോറിയിലെ 6 കുട്ടികൾക്ക് അമ്മ സന്ദേശം നൽകി. ഐവാൻ, ജാക്കോവ്, മേരിജ, മിർജാന, വിക്ക, ഐവാൻക എന്നിവരാണ് അവർ. 1981 ജൂൺ 24 മുതൽ ഇവർക്ക് പരിശുദ്ധ അമ്മയുടെ ദർശനം ഉണ്ടായി. പൊതുവായ സന്ദേശങ്ങൾക്കു പുറമേ ഭൂമിയിൽ സംഭവിക്കാൻ പോകുന്ന രഹസ്യങ്ങൾ അമ്മ വെളിപ്പെടുത്തി. ചില രഹസ്യങ്ങൾ അവരേയും അവരുടെ പ്രദേശങ്ങളെയും കുറിച്ചുള്ളവയായിരുന്നു. 3 ാമത്തെ രഹസ്യത്തിൽ താൻ ഒരു അടയാളം തന്നുപോകുമെന്ന് പരിശുദ്ധ അമ്മ പറഞ്ഞു. അത് അവിശ്വാസികൾക്കു വേണ്ടിയുള്ളതാണെന്നും, വിശ്വാസികളായവർക്കു മുമ്പേ അടയാളങ്ങൾ കിട്ടിയിട്ടുണ്ടെന്നും, നിങ്ങൾ തന്നെ അവിശ്വാസികൾക്കുള്ള അടയാളങ്ങളായി, മാതൃകയായി ജീവിക്കണമെന്നും അമ്മ പറഞ്ഞു.

നിങ്ങൾ ഇതുവരെ ദൈവത്തിനു കൊടുക്കേണ്ട നന്ദി പൂർണ്ണമായും കൊടുത്തിട്ടില്ലെന്നും, അതുനുള്ള സമയമാണിതെന്നും, നിങ്ങൾ വിശ്വസത്തിൽ ആഴപ്പെടണമെന്നും, മാനസാന്തരപ്പെടണമെന്നും, നിങ്ങൾ അടയാളങ്ങൾ നോക്കിയിരിക്കുരുതെന്നും, അടയാളങ്ങൾ വരുമ്പോഴേക്കും, അത് വളരെ വൈകുമെന്നും കൂടി വിശ്വാസികളോട് പരിശുദ്ധ അമ്മ ആഹ്വാനം ചെയ്തു.

ഈ 6 പേർക്കും പലസമയങ്ങളിലായാണ് മാതാവ് ദർശനങ്ങൾ നൽകി രഹസ്യങ്ങൾ വെളിപ്പെടുത്തിയത്. അവിശ്വാസികൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ ഈ സന്ദേശങ്ങളിൽ ഊന്നൽ നൽകിയിരുന്നു. അമ്മ മിർജാനക്ക് ലോകത്തിനുള്ള 3 മുന്നറിയിപ്പുകൾ നൽകിയിരുന്നു. മിർജാനയുടെ ജീവിതകാലത്തുതന്നെ ഈ സംഭവങ്ങൾ നടക്കുമെന്നും, അവൾ അതിന് സാക്ഷിയായിതീരുമെന്നും അമ്മ പറഞ്ഞു. അതിനുമുമ്പേ 7 ദിവസങ്ങളോളം അവളും അവളുടെ രഹസ്യങ്ങൾ വിശകലനം ചെയ്തിരുന്ന വൈദികനും ഉപവസിക്കണം. ഇതിലെല്ലാം മാനസാന്തരപ്പെടേണ്ടതിന്റെ ആവശ്യകത അമ്മ തറപ്പിച്ചു പറഞ്ഞിരുന്നു.

9ാമത്തേതും, 10 ാമത്തേതുമായ രഹസ്യങ്ങൾ ഗൗരവമുള്ളതാണ്. ലോകപാപങ്ങൾക്ക് നേരെയുണ്ടാകുന്ന ശിക്ഷയെകുറിച്ചുള്ളവയാണ് അവ. ശിക്ഷ ഒഴിച്ചുകൂടാൻ സാധിക്കാത്തതാണെങ്കിലും, പ്രാർത്ഥനയാലും പ്രായശ്ചിത്തത്താലും ശിക്ഷയുടെ കാഠിന്യം കുറയ്ക്കാമെന്നും, എന്നാൽ ശിക്ഷപൂർണ്ണമായും ഒഴിവാക്കാൻ പറ്റില്ലെന്നും അതിൽ പറഞ്ഞിരുന്നു.

7 ാമത്തെ രഹസ്യത്തിലുണ്ടായിരുന്ന ദുരന്തം പ്രാർത്ഥനയാലും, ഉപവാസത്താലും മാറിപോയിയെന്നും മിർജാന സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ട് പ്രാർത്ഥനയും ഉപവാസവും കൊണ്ട് യുദ്ധങ്ങളെയും, പ്രകൃതിയുടെ പ്രതിഭാസങ്ങളെപോലും ഇല്ലാതാക്കാൻ സാധിക്കുമെന്ന് അമ്മയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് മിർജാന പറയുന്നു. ഈ ദർശനങ്ങൾക്കു പുറമെ തനിക്കുണ്ടായ ഒരു വെളിപാടിൽ സാത്താൻ തന്നെ പിൻഗമിക്കാൻ മിർജാനയോട് പറഞ്ഞെന്നും, സാത്താൻ ജീവിതത്തിലെ സന്തോഷവും സ്നേഹവും അവൾക്കു നൽകാമെന്നും, പരിശുദ്ധ അമ്മയെ പിൻചെന്നാൽ സഹനമേ ഉണ്ടാകൂ എന്നും പറഞ്ഞതായും അവൾ പറയുന്നു. മിർജാന ഇതിനെ എതിർത്ത നിമിഷം പെട്ടെന്ന് പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെടുകയും സാത്താൻ അപ്രത്യക്ഷപ്പെടുകയും ചെയ്തു, തുടർന്ന് പരിശുദ്ധ അമ്മ ഒരു സന്ദേശം നൽകി.

സാത്താന്റെ അസ്ഥിത്വം നീ മനസ്സിലാക്കണം. ഒരുദിവസം സാത്താൻ ദൈവസിംഹാസനത്തിന്റെ മുമ്പിൽ ചെന്ന് സഭയുടെമേൽ പരീക്ഷണം നടത്താൻ അധികാരം ആവശ്യപ്പെട്ടു. ദൈവം അധികാരം കൊടുത്തു. ഒരു നൂറ്റാണ്ടോളം ഈ അധികാരം നിലനിന്നു. സാത്താൻ ഈ നാളത്രയും സഭയുടെമേലും, വൈദികരുടെമേലും ക്രൈസ്തവ സഭ മുഴുവന്റെയും മേലും തന്റെ ആധിപത്യം നടത്തി. പക്ഷേ ഇന്നും സാത്താൻ തന്റെ പ്രവർത്തനം നടത്തുന്നുണ്ടെന്നും, വിവാഹബന്ധങ്ങൾ തകർക്കുക, വൈദികരുടെ ഇടയിൽ ഭിന്നിപ്പ് ഉണ്ടാക്കുക ഇവയെല്ലാം സാത്താന്റെ കുതന്ത്രങ്ങളാണെന്നും അമ്മ വെളിപ്പെടുത്തി. പ്രാർത്ഥനയിലൂടെയും, ഉപവാസത്തിലൂടെയും, പ്രത്യേകിച്ച് കൂട്ടായുള്ള പ്രാർത്ഥനയിലൂ ടെയും ഇതിൽ നിന്നെല്ലാം രക്ഷകിട്ടുമെന്നും, എപ്പോഴും കൈയിൽ വിശുദ്ധവസ്തുക്കൾ കരുതണമെന്നും, അവ സാത്താന്റെ ആക്രമണങ്ങളിൽ നിന്നും രക്ഷകിട്ടുന്നതിനുവേണ്ടി വീടുകളിൽ സൂക്ഷിക്കണമെന്നും അമ്മ മിർജാനയോട് പറഞ്ഞു.

കുർബ്ബാനക്കു ശേഷം വൈദികർ മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥന ചൊല്ലണമെന്നു 13ാം ലെയോ മാർപ്പാപ്പ നിർദ്ദേശം നൽകിയതും മിർജാനയ്ക്കുണ്ടായ ഈ ദർശ്ശനവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു എന്ന് കത്തോലിക്കാ പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു.രണ്ടാം വത്തിക്കാൻ കൗൺസിൽ വരെ ഈ പ്രാർത്ഥന തുടർന്നിരുന്നു.

1981 മുതൽ എകദേശം 40 ലക്ഷത്തോളം ആളുകൾ മെജുഗോറി സന്ദർശിച്ചുകഴിഞ്ഞു. അവർ ആത്മീയ ഉണർവു നേടി. ക്രിസ്തീയ വിശ്വാസത്തിൽ ആഴപ്പെടുത്തി നിർത്തുന്നവയാണ് അമ്മയുടെ എല്ലാ സന്ദേശങ്ങളും. അമ്മ പറയുന്നു ലോകത്തിന്റെ പ്രശ്നം എന്ന് പറയുന്നത് ധാരാളം നല്ല മനുഷ്യർ ലോകത്തുണ്ടെങ്കിലും ചില സമയത്ത് നമുക്കു ചുറ്റുമുള്ള അന്ധകാരത്തിൽ നാം അന്ധരായിതീരുന്നു, സത്യത്തെ കാണുന്നില്ല. നമ്മൾ പലപ്പോഴും ശരിയേത്, തെറ്റേത് എന്ന് മനസ്സിലാക്കാൻ സാധിക്കാത്ത വിധത്തിൽ അന്ധരായിതീരുന്നു. പിശാചിന്റെ കയ്യിലേക്കാണ് മനുഷ്യന്റെ പോക്ക് എന്ന് പോലും ആ സമയങ്ങളിൽ അവർക്ക് മനസ്സിലാകുന്നില്ല.

ഇന്നത്തെലോകം മുഴുവനും സംഘർഷം നിറഞ്ഞതാണ്. പത്രങ്ങളിലും, ടെലിവിഷനുകളിലും പ്രധാന വാർത്തകളെല്ലാം അക്രമത്തിന്റെയും, അരക്ഷിതാവസ്ഥയുടെയും, അനീതിയുടെ യുമാണ്. ലോകം ദൈവത്തിൽ നിന്ന് ഏറെ അകന്നിരിക്കുന്നു എന്നതാണ് ഇതിനു കാരണം. പരിശുദ്ധ അമ്മയുടെ സന്ദേശങ്ങൾ ഉൾക്കൊണ്ട് നാം ജീവിച്ചാൽ, നമ്മുടെ ജീവിതത്തെ അതനുസരിച്ച് ക്രമപ്പെടുത്തിയാൽ ,ഈ പ്രശ്നങ്ങളെയെല്ലാം അതിജീവിക്കാനാകും." സാത്താ ൻ നിങ്ങളുടെ ഹൃദയങ്ങളെ നിയന്ത്രിക്കാൻ അനുവദിക്കരുത്" അനുവദിച്ചാൽ നിങ്ങൾ സാത്താന്റെ പ്രതിരൂപമാകും.

1986 ജനുവരി 30 നല്കിയ സന്ദശം- മക്കളെ, ലോകം മുഴുവൻ ഇരുട്ടിന്റെ ആധിപത്യത്തിലാണ് .ജനങ്ങൾ പലതിനാലും ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, എന്നാൽ ഏറ്റവും പ്രധാനപ്പെട്ടത് അവർ മറന്നു പോകുന്നു. ദൈവവചനമനുസരിച്ച് ജനങ്ങൾ ജീവിക്കാത്തിടത്തോളം കാലം ലോകത്തിൽ വെളിച്ചത്തിന്റെ ഭരണം ഉണ്ടാകില്ല" അതുകൊണ്ടാണ് കുട്ടികളെ ഞാൻ എന്റെ സാന്നിദ്ധ്യം ലോകത്ത് നൽകികൊണ്ടിരിക്കുന്നത്.

1987 ജൂലായ് 30 നല്കിയ സന്ദശം- " ചിലർ ദൈവത്തെകുറിച്ച് കേൾക്കാൻ ആഗ്രഹിക്കുന്നില്ല എന്നാൽ അവർക്ക് സമാധാനവും, തൃപ്തിയും വേണം, ഇതിനാണ് കുട്ടികളെ ഞാൻ നിങ്ങളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നത്. മനുഷ്യവർഗ്ഗത്തെ രക്ഷിക്കാനുള്ള ഏക വഴി പ്രാർ ത്ഥനയാണ്". അമ്മയുടെ സന്ദേശങ്ങളിലെ ഈ കാര്യങ്ങളെല്ലാം വളരെ പ്രസക്തങ്ങളാണ്.

സാത്താന്റെ അസ്ഥിത്വം ഉണ്ടെന്നും, അവൻ അവന്റെ ലക്ഷ്യപ്രാപ്തിക്കായി നമ്മെ ഉപയോഗിക്കുന്നു എന്നും ആർക്കും നിക്ഷേധിക്കാനാകില്ല. അവന്റെ ലക്ഷ്യമെന്നത് നശീകരണമാണ്. സ്നേഹം, സമാധാനം, വിശ്വാസം, കുടുംബം, ജീവിതം ഇവയുടെയെല്ലാം നശീകരണം. ദൈവം ഗോലിയാത്തിനെ പരാജയപ്പെടുത്താൻ ദാവീദിന് 5 കല്ലുകൾ നൽകിയതുപോലെ, ദൈവം സാത്താനെ പരാജയപ്പെടുത്താൻ 5 കല്ലുകൾ അഥവാ ആയുധങ്ങൾ നൽകിയിട്ടുണ്ട്, അവ താഴെ പറയുന്നു

1. അനുദിന പ്രാർത്ഥന (കൊന്ത)
2. ബുധനാഴ്ചയും, വെള്ളിയാഴ്ചയും ഉപവസിക്കുക
3. അനുദിന ബൈബിൾ പാരായണം
4. മാസത്തിലൊരിക്കലെങ്കിലുമുള്ള കുമ്പസാരം.
5. വി. കുർബ്ബാന

**പ്രാർത്ഥന**
മെജുഗോറിയിലെ സന്ദേശങ്ങളിൽ കൂടെ കൂടെ അമ്മ നൽകിയിട്ടുള്ള ആഹ്വാനമാണ് പ്രാർത്ഥനക്കുള്ള ആഹ്വാനം. നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കണം. പ്രാർത്ഥന മനുഷ്യാത്മാവിനെ സുഖപ്പെടുത്തും പാപത്തിന്റെ കറകളെ അത് സുഖപ്പെടുത്തും, പ്രാർത്ഥനയില്ലാതെ നമുക്ക് ദൈവാനുഭവം ഉണ്ടാകില്ല. 5 രഹസ്യങ്ങളുള്ള ഒരു കൊന്ത മുടങ്ങാതെ ചൊല്ലണമെന്നും, പിന്നീട് മുഴുവൻ കൊന്ത തനിച്ചോ, കൂട്ടമായോ ഓരോ ദിവസവും ചൊല്ലണമെന്നും പറഞ്ഞു.

നാം പ്രാർത്ഥിച്ചാൽ സാത്താന്റെ ശക്തി നശിപ്പിക്കപ്പെടും. അവന് നമ്മെ ഉപദ്രവിക്കാൻ സാധിക്കില്ല. പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനിക്ക് ഭാവിയെകുറിച്ച് ഭയപ്പെടേണ്ട. പ്രാർത്ഥിക്കാത്ത വൻ എങ്ങിനെ ക്രിസ്ത്യാനിയാകും ? നാം പ്രാർത്ഥിച്ചില്ലെങ്കിൽ നാം അന്ധരാകും. ശരിയോ തെറ്റോ വിവേചിക്കാൻ നമുക്ക് സാധിക്കില്ല.

**ഉപവാസം**
പഴയനിയമത്തിലും, പുതിയനിയമത്തിലും ഉപവാസത്തെകുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. യേശു ഇടയ്ക്കിടെ ഉപവസിച്ചിരുന്നു. പ്രാർത്ഥനയാലും, ഉപവാസത്താലുമല്ലാതെ ഈ വർഗ്ഗത്തെ ബഹിഷ്ക്കരിക്കുക സാധ്യമല്ല" എന്ന് യേശു പഠിപ്പിക്കുന്നു(മാർക്കോസ്സ് 9. 29). ആത്മീയ സ്വാതന്ത്ര്യം പ്രാപിക്കാൻ ഉപവാസം കൂടിയേ തീരൂ. ദൈവത്തേയും, മനുഷ്യരെയും കൂടുതൽ നന്നായി മനസ്സിലാക്കാൻ പ്രാർത്ഥനകൊണ്ട് സാധിക്കും.ആഴ്ച്ചയിൽ 2 തവണ ഉപവസിക്ക

ണമെന്ന് പരിശുദ്ധ അമ്മ സന്ദേശത്തിൽ പറയുന്നു (1984 ആഗസ്റ്റ് 14) " ബുധനാഴ്ച്ചയും, വെള്ളിയാഴ്ച്ചയും നിർബ്ബന്ധനായും ഉപവസിക്കണം". പ്രാർത്ഥനയാലും ഉപവാസത്താലും ഒരുവന് യുദ്ധത്തെ ഇല്ലാതാക്കാം. രോഗികൾ ഒഴികെ എല്ലാവരും ഉപവസിക്കണം" .നാം ഉപവാസത്തിന്റെ വില മനസ്സിലാക്കണം. ഉപവസിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകൾക്കു പുറമെ നമ്മുടെ ശരീരത്തേയും ദൈവത്തിന് സമർപ്പിക്കുകയാണ്. ഉപവാസം ദുഷ്ട ശക്തികൾക്കെതിരായി യുദ്ധം ചെയ്യാനുള്ള ശക്തിയും, ഓജസ്സും, നമ്മുടെ ശരീരത്തിനും മനസ്സിനും നൽകുന്നു

**അനുദിന ബൈബിൾ പാരായണം**
പരിശുദ്ധ അമ്മ താൻ ദർശനങ്ങൾ നല്കിയിരുന്നപ്പോൾ എപ്പോഴും സന്തോഷവതി യായിരുന്നു, എന്നാൽ ബൈബിളിനെ കുറിച്ച് പറഞ്ഞപ്പോൾ മാത്രം അവൾ കരയുകയാ യിരുന്നു, അമ്മ പറഞ്ഞു നിങ്ങൾ ബൈബിളിനെ മറന്നിരിക്കുന്നു. ഭൂമിയിലെ ഏതൊരു പുസ്തകത്തിൽ നിന്നും വ്യത്യസ്ഥമാണ് ബൈബിൾ. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എഴുതിയ ബൈബിളിന്റെ ഗ്രന്ഥകർത്താവ് ദൈവം തന്നെയാണ് അതിനെ മറ്റു പുസ്തകങ്ങളുമായി താരതമ്യം ചെയ്യാൻ പാടില്ല.

പ്രിയ കുട്ടികളെ ബൈബിൾ എല്ലാദിവസവും നിങ്ങൾ വീട്ടിൽ വായിക്കണം, എല്ലാവർക്കും കാണത്തക്കരീതിയിൽ വയ്ക്കണം, അങ്ങനെ അത് വായിക്കാനും പ്രാർത്ഥിക്കാനും പ്രചോദനമാകണം. 1984 ഒക്ടോബർ 18 ലെ സന്ദേശത്തിലെ വരികളാണിവ . " ഓരോ കുടുംബവും കുടുംബപ്രാർത്ഥന ചൊല്ലണം, ബൈബിൾ വായിക്കണം നിർബന്ധത്തോടെ ഇത് രണ്ടും ചെയ്യണം എന്ന് അമ്മ അനുശാസിക്കുന്നു (1985 ഫെബ്രുവരി 14)

**കുമ്പസാരം**
മാസം തോറുമുള്ള കുമ്പസാരത്തെകുറിച്ച് അമ്മ ഓർമ്മിപ്പിക്കുന്നുണ്ട്. നാം പരസ്പരവും, ദൈവത്തോടും എപ്പോഴും സമാധാനത്തിലായിരിക്കണം. അതിന് വിശ്വാസം, പ്രാർത്ഥന, ഉപവാസം, കുമ്പസാരം ഇവ ആവശ്യമാണ് (1981 ജൂൺ 26).

മെജുഗോറിയിൽ പോകുന്നവർക്ക് കുമ്പസാരത്തിനായി അണയുന്ന അനേകരെയും, കുമ്പസാരകൂട്ടിലിരിക്കുന്ന ധാരാളം വൈദികരേയും കാണാം, അവിടെ കുമ്പസാരിപ്പിക്കു മ്പോൾ പല വൈദികർക്കും അസാധാരണ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കുമ്പസാരം വെറും പ്രഹസനമാക്കരുതെന്നും, കുമ്പസാരം കഴിഞ്ഞാൽ പഴയ ജീവിതത്തിൽ തുടരരുതെന്നും, പുതിയ മനുഷ്യനായി മാറണമെന്നും ദർശ്ശനങ്ങളിൽ പരിശുദ്ധ അമ്മ പറഞ്ഞിട്ടുണ്ട്.

**വിശുദ്ധ കുർബ്ബാന**
ഞായറാഴ്ച്ച കുർബ്ബാന കാണണമെന്നും സാധ്യമെങ്കിൽ മറ്റു ദിവസങ്ങളിൽ അത് തുടരണമെന്നും പരിശുദ്ധ അമ്മ അനുശാസിക്കുന്നു. കുർബ്ബാനയെ കുറിച്ച് പറയുമ്പോൾ അമ്മ കരയുകയായിരുന്നു. കുർബ്ബാനയിൽ നിന്നു കിട്ടുന്ന കൃപയും, ദാനങ്ങളും അറിഞ്ഞിരുന്നെങ്കിൽ നിങ്ങൾ ദിവസവും ഒരുമണിക്കൂറെങ്കിലും അതിനായി മാറ്റിവെയ്ക്കുമായിരുന്നു (1985)

മെജുഗോറിയിലെ വൈകീട്ടുള്ള കുർബ്ബാന വളരെ പ്രാധാന്യമുള്ളതാണ്, കാരണം ആ സമയത്ത് പരിശുദ്ധ അമ്മ അവിടെ സന്നിഹിതയാകാറുണ്ട്. ഈ കുർബ്ബാന എന്നും നിലനിർത്തണം പരിശുദ്ധ അമ്മ പറഞ്ഞു (1981 ഒക്ടോബർ 6). കുർബ്ബാന പ്രാർത്ഥനയുടെ ഏറ്റവും ഉന്നതമായ രൂപമാണെന്നും, കുർബ്ബാന ജീവിതത്തിന്റെ കേന്ദ്രമാണെന്നും അമ്മ പറഞ്ഞു. യേശുവിന്റെ ജീവിതം മുഴുവൻ കുർബ്ബാനയിൽ നമുക്ക് അനുഭവിക്കാൻ കഴിയും

പരിശുദ്ധാത്മാവിനെ കുറിച്ച് പരിശുദ്ധ അമ്മ പറയുന്നു- യേശുവിനും പരിശുദ്ധാത്മാവിനും നാം ഓരേ സമയം അടിയറ വെയ്ക്കണം. എന്നാൽ മാത്രമെ നമുക്ക് വിശുദ്ധിയുടെ വഴിയിലൂടെ നടക്കാൻ സാധിക്കൂ. വിശുദ്ധ ബലിയിൽ പരിശുദ്ധാത്മാവിനായി നമ്മെ തന്നെ തുറന്നു കൊടുത്താൽ നമ്മൾ വിശുദ്ധികരിക്കപ്പെടും.

അമ്മ പറഞ്ഞു പരിശുദ്ധാത്മാവിനായി ഹൃദയം തുറക്കുവിൻ. ഈ ദിവസങ്ങൾ പ്രത്യേകമായി പരിശുദ്ധാത്മാവ് നിങ്ങളിലൂടെ പ്രവർത്തിക്കും, ഹൃദയം തുറന്ന് നിങ്ങളുടെ ജീവിതത്തെ യേശുവിന് അടിയറ വെയ്ക്കുക, നിങ്ങളുടെ ഹൃദയത്തിലൂടെയാണ് യേശുവിന് പ്രവർത്തിക്കാനുള്ളത് (1985 മെയ് 23).